കഥ

## അസീസ് തരുവണ

കുഞ്ഞ് പിച്ചവെച്ച്, ഒന്നാം പടിയിൽ കയറിയപ്പോൾ അമ്മ വിളിച്ചുപറഞ്ഞു: "മോനേ സൂക്ഷിക്കണേ, വീഴും"

പിന്നീട് രണ്ടാംപടി കയറിയപ്പോഴും മൂന്നാംപടി കയറിയപ്പോഴും അമ്മയുടെ മനസ്സു പിടഞ്ഞു. പിന്നെ എല്ലാം പെട്ടെന്നായിരുന്നു. ഋതുക്കൾ പിന്നിട്ട്, വർഷങ്ങൾ പിന്നിട്ട് പിടികൊടുക്കാതെ അവൻ പടവുകൾ പിന്നിട്ടുകൊണ്ടേയിരുന്നു.

ഒടുവിൽ- പടവുകളുടെ അത്യുന്നതങ്ങളിൽനിന്ന് തിരിഞ്ഞ് നോക്കിയപ്പോൾ അമ്മ അകലങ്ങളിൽ പൊട്ടായ്, പൊടിയായ്...! അപ്പോഴേക്കും അമ്മ പടി കയറാനാവാതെ ഊന്നുവടി തേടുകയായിരുന്നു. അത്യുന്നതങ്ങളിൽനിന്ന് അവനെങ്ങനെ പടിയിറങ്ങും? പടിയിറങ്ങുമ്പോൾ താഴെയ്ക്ക് വീണാൽ അമ്മയുടെ മനസ്സ് വേദനിക്കില്ലേ...?! അതുകൊണ്ടാണവൻ വൃദ്ധസദനക്കാരുടെ സഹായത്തോടെ അമ്മയെ പടികടത്തിയത്.

■



# പടവുകൾ